കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഞീഴൂർ ഗ്രാമപഞ്ചായത്ത് - പാലിയേറ്റീവ് കെയർ പദ്ധതി- ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്

സ.ഉ(സാധാ)നം.735/13/തസ്വഭവ തിരുവനന്തപുരം, തീയതി: 22.03.2013.

പരാമർശം: 1. ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 12.03.2013-ലെ എ 1-2397/11 നമ്പർ കത്ത്.

2. 13.03.2013-)o തീയതിയിലെ 3.20 നമ്പർ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.

ഉത്തരവ്

കോട്ടയം ജില്ലയിലെ ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി ആംബുലൻസ് വാങ്ങുന്നതിന് കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് 3,25,000/-(മൂന്നു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയും ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് 25,000/- (ഇരുപത്തയ്യായിരം) രൂപയും വകയിരുത്തി ആകെ 3,50,000/- (മൂന്നു ലക്ഷത്തി അമ്പതിനായിരം) രൂപ അടങ്കലായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും ഞീഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം ഒന്ന് പ്രകാരം അപേക്ഷിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി ആംബുലൻസ് വാങ്ങി പ്രദേശത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കൈമാറി ഡ്രൈവറുടെ ശമ്പളം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വഹിക്കണമെന്നുള്ള നിബന്ധനയ്ക്ക് വിധേയമായി കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് 3,25,000/- (മൂന്നു ലക്ഷത്തി ഇരുപത്തയ്യായിരം) രൂപയും ഞീഴൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് 25,000/- (ഇരുപത്തയ്യായിരം) രൂപയും ഉൾപ്പെടെ 3,50,000/- (മൂന്നു ലക്ഷത്തി അമ്പതിനായിരം) രൂപ ചെലവഴിച്ച് ഒരു ആംബുലൻസ് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (**LBA&A**) തിരുവനന്തപുരം.
സെക്രട്ടറി, ഞീഴൂർ ഗ്രാമപഞ്ചായത്ത്.
സെക്രട്ടറി, കടുത്തുരുത്തി ബ്ളോക്ക് പഞ്ചായത്ത്, കോട്ടയം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ